**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4520** **19-03-2025 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; | (എ) | **2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത പാട്യം പഞ്ചായത്തിലെ അമ്മാറമ്പ് നഗറിലെ 95 % പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**2020-21 വർഷം പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പാട്യം പഞ്ചായത്തിലെ കടവ്-മുണ്ടയോട് നഗറിലെ പ്രവർത്തി ആരംഭിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് പി.എം.സി വ്യവസ്ഥയിൽ പ്രവർത്തികൾ നിർവ്വഹിക്കാൻ കഴിയില്ലായെന്ന് അറിയിച്ച സാഹചര്യത്തിൽ പാട്യം പഞ്ചായത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുമുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**2022-23 വർഷം തെരഞ്ഞെടുത്ത തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ നരിക്കോട്ട്മല നഗറിൽ പ്രവർത്തി ആരംഭിച്ചിട്ടില്ല.** |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ, പാട്യം പഞ്ചായത്തുകളിൽ അനുവദിച്ച അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | **2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത പാട്യം പഞ്ചായത്തിലെ അമ്മാറമ്പ് നഗറിലെ 95 % പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.**<br><br>**2020-21 വർഷം പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പാട്യം പഞ്ചായത്തിലെ കടവ്-മുണ്ടയോട് നഗറിലെ പ്രവർത്തി ആരംഭിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രയ്ക്ക് പി.എം.സി വ്യവസ്ഥയിൽ പ്രവർത്തികൾ നിർവ്വഹിക്കാൻ കഴിയില്ലായെന്ന് അറിയിച്ച സാഹചര്യത്തിൽ പാട്യം പഞ്ചായത്തിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുമുണ്ട്.** |

| | | | |
|---|---|---|---|
| | | | **ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.**<br><br>**2022-23 വർഷം തെരഞ്ഞെടുത്ത തൂപ്പങ്ങോട്ടൂർ പഞ്ചായത്തിലെ നരിക്കോട്ട്മല നഗറിൽ പ്രവർത്തി ആരംഭിച്ചിട്ടില്ല.** |
| (സി) | പാട്യം പഞ്ചായത്തിലെ കടവ് സങ്കേതം റോഡിന്റെ കോൺക്രീറ്റ് പ്രവൃത്തിയും തൂപ്രങ്ങോട്ടൂർ പഞ്ചായത്തിലെ നരിക്കോട്ട്മല സങ്കേതത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തിയും ത്വരിതഗതിയിൽ യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | (സി) | ടി പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ